**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 118 08.02.2016 ലെ മറുപടിക്ക്**
**"കാരുണ്യ ബനവലന്റ് പദ്ധതി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരുണ്യ ബനവലന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കാരുണ്യ ബനവലന്റ് പദ്ധതി 26.02.2012 മുതൽ നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.(എം.എസ്)7/2012/ടി.ഡി. തീയതി, 30.01.2012 പ്രകാരം കാരുണ്യ ബനവലന്റ് പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ചികിത്സാ ധനസഹായ പദ്ധതിയാണ് കാരുണ്യ ബനവലന്റ് ഫണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പാക്കിവരുന്ന പ്രതിവാര ഭാഗ്യക്കുറികളായ കാരുണ്യ, കാരുണ്യ പ്ലസ് എന്നിവയിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഫണ്ടിന്റെ കൈകാര്യച്ചുമതല സംസ്ഥാന ലോട്ടറി വകുപ്പിനാണ്, തുടക്കത്തിൽ ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ / തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയായിരുന്നു പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ചികിത്സാ ധനസഹായം നൽകുന്നുമുണ്ട്. എല്ലാ ബി.പി.എൽ കുടുംബങ്ങളും കൂടാതെ വാർഷിക വരുമാനം 3 ലക്ഷം രൂപവരെയുള്ള എ.പി.എൽ കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുവാൻ അർഹരാണ്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതല ത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാ ക്കുമോ? | (സി) | ചികിത്സാസഹായത്തിനുള്ള അപേ ക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. ജില്ലാകളക്ടർ ചെയർമാനും ജില്ലാ ഭാഗ്യക്കുറി ഓഫീസർ കൺവീനറുമായുള്ള ഒരു ജില്ലാതല സമിതി അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് ശുപാർശ ചെയ്യുന്നു.<br>ജില്ലാ സമിതിയുടെ അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br><br>**ചെയർമാൻ : ജില്ലാകളക്ടർ**<br>**കൺവീനർ : ജില്ലാ ഭാഗ്യക്കുറി ഓഫീസർ.**<br><br>**അംഗങ്ങൾ** : ജില്ലാ മെഡിക്കൽ ഓഫീസർ, സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, വിദഗ്ധ ഡോക്ടർമാർ (വിവിധ മേഖലയിൽ നിന്നുള്ളവർ), കോ-ഓർഡിനേറ്റർ, ആർ.എസ്.ബി.വൈ, ജില്ലാ |

| | | | |
|---|---|---|---|
| | | | ലെയ്സൺ ഓഫീസർ.<br>ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യഹെഡ് ആഫീസിലേയ്ക്ക് അയക്കുന്നു. ഇവിടെ ഇത് പ്രോസ്സസ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച് ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്നു.<br>സംസ്ഥാനതല സമിതി അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br><br>ചെയർമാൻ : ബഹു.ധനകാര്യ വകുപ്പ് മന്ത്രി<br>കൺവീനർ : കാരുണ്യ ബനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ<br><br>അംഗങ്ങൾ : അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (ആരോഗ്യ വകുപ്പ്), പ്രിൻസിപ്പൽ സെക്രട്ടറി (നികുതി വകുപ്പ്) ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഡയറക്ടർ, ആരോഗ്യ വകുപ്പ്, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം, ചെയർമാൻ, സംസ്ഥാന ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ബോർഡ്, ഡോ. പി. കുസുമകുമാരി, അഡീഷണൽ ഡയറക്ടർ, ആർ.സി.സി., തിരുവനന്തപുരം. ഡോ. എബ്രഹാം ജോസഫ്, മാർഇവാനീയസ് കോളേജ്, തിരുവനന്തപുരം., ശ്രീമതി. ലക്ഷ്മിരാജീവ്, കവടിയാർ, തിരുവനന്തപുരം. |

| | | | |
|---|---|---|---|
| | | | കാരുണ്യ ബനവലന്റ് പദ്ധതിയുടെ അഡ്മിനിസ്റ്റേറ്റർ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ്. കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ആഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാഭാഗ്യക്കുറി ഓഫീസറും, ജില്ലാ ഭാഗ്യക്കുറി ആഫീസിനോടനുബന്ധിച്ച് ലെയ്സൺ ആഫീസറും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ.**